"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- നെയ്യാറ്റിൻകര നഗരസഭയിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയിൽ അന്വേഷണം നടത്തുന്നത് -അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.732/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/04/2020

---

പരാമർശം:- 1 ശ്രീ. കെ ശശിധരൻ വിജിലൻസിൽ സമർപ്പിച്ച 18.07.2019 തീയതിയിലെ പരാതി.

2 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.10.2019 തീയതിയിലെ ഇ2-24121/2019/DVACBനം. കത്ത്

**<u>ഉത്തരവ്</u>**

നെയ്യാറ്റിൻകര നഗരസഭയിൽ നിന്നും ലൈഫ് ഭവന പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതിൽ ക്രമക്കേടുണ്ടെന്നും, നഗരസഭ ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് റോഡിൽ ഇന്റർലോക്ക് നടപ്പാതയും, വെയിറ്റിങ് ഷെഡും നിർമ്മിച്ചതിൽ സർക്കാർ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ കൂട്ടു നിൽക്കുകയാണെന്നും കാണിച്ച് പരാമർശം 1 പ്രകാരം ശ്രീ. കെ. ശശിധരൻനായർ വിജിലൻസ് ഡയറക്ടർക്ക് പരാതി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം മേൽ പരാതിയിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

കൊല്ലം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ

,(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ